LIBRARY ARCHIVES Kerala Legislative Assembly

2013-14 (2,65,29,622)

റിവർ മാനേജ്മെന്റ് പ്രവൃത്തികൾ	23322897
മണൽ സ്ക്വാഡ് വാഹന വാടക, മറ്റ് ചെലവുകൾ	1268263
സാന്റ് ഓഡിറ്റിംഗ് & റിവർ മാപ്പിംഗ്	361160
വാഹനങ്ങൾ ലേലം ചെയ്യുന്നതിന് പത്രപരസ്യം	49680
സർക്കാർ ഉത്തരവ് പ്രകാരം 2 വാഹനങ്ങൾ വാങ്ങിയത്	1516822
സബ് കളക്ടർക്ക് ഫോൺ വാങ്ങിയത്	10800

2014-15 (4,24,98,344)

റിവർ മാനേജ്മെന്റ് പ്രവൃത്തികൾ	41889286
മണൽ സ്ക്വാഡ് വാഹന വാടക, മറ്റ് ചെലവുകൾ	548557
വാഹന റിപ്പയർ	60501

ദുരന്ത നിവാരണത്തിനായി ഏർപ്പെടുത്താനുദ്ദേശിക്കുന്ന സംവിധാനങ്ങൾ

136 (1179) ശ്രീ. ഹൈബി ഈഡൻ :

ശ്രീ. അൻവർ സാദത്ത് :

ശ്രീ. സി. പി. മുഹമ്മദ് :

ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രകൃതി ദുരന്തങ്ങളുടെ പശ്ചാത്തലത്തിൽ ഇതുസംബന്ധിച്ച മുന്നറിയിപ്പ് സംവിധാനം കൂടുതൽ കാര്യക്ഷമമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

996/2018.

(ബി) കേന്ദ്ര ദുരിത നിവാരണ സേനയുടെ സഹായത്താൽ സംസ്ഥാനത്ത് ദുരന്ത നിവാരണത്തിനായി ഏർപ്പെടുത്താനുദ്ദേശിക്കുന്ന സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ;

(സി) ഏതെല്ലാം ദുരന്തങ്ങൾക്കാണ് പ്രസ്തുത സംവിധാനങ്ങൾ പ്രയോജനപ്പെടുത്താനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ഡി) ഇതിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) പ്രകൃതി ദുരന്തങ്ങളുടെ മുന്നറിയിപ്പിനും ഏകോപനത്തിനുമായി കെൽട്രോണിന്റെ സഹായത്തോടെ 5.96 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന ഇന്റഗ്രേറ്റഡ് ഡിസിഷൻ സപ്പോർട്ട് സംവിധാനത്തോടുകൂടിയ വിവര സാങ്കേതിക വിനിമയ സംവിധാനം സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ (SDMA) ഗവേഷണ-സാങ്കേതിക ലബോറട്ടറിയും ദുരന്ത പ്രതിരോധ - ലഘൂകരണ - പ്രതികരണ പ്രവർത്തനങ്ങളുടെ ഏകോപന കേന്ദ്രവുമായ സംസ്ഥാന അടിയന്തരഘട്ട കാര്യനിർവ്വഹണ കേന്ദ്ര (SEOC)-ത്തിൽ ഒരുക്കുന്നതിനുള്ള പദ്ധതി രൂപീകരിച്ചിട്ടുണ്ട്.

(ബി) കേന്ദ്ര ദുരന്ത നിവാരണ സേനയുടെ ഒരു സ്ഥിരം താവളം കേരളത്തിൽ ഒരുക്കുവാൻ ഒന്നര ഏക്കർ ഭൂമി ഏറ്റെടുത്ത് കേന്ദ്ര സർക്കാരിന് കൈമാറുന്നതിന് വേണ്ടിയുള്ള പ്രൊപ്പോസൽ ലാന്റ് റവന്യൂ കമ്മീഷണർ മുഖേന സമർപ്പിക്കുവാൻ എറണാകുളം ജില്ലാ കളക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(സി) കേന്ദ്ര സർക്കാർ പ്രകൃതിദുരന്തങ്ങളായി കണക്കാക്കപ്പെട്ടിട്ടുള്ള ഉരുൾപൊട്ടൽ, വെള്ളപ്പൊക്കം, ഭൂമി കലുക്കം, വരൾച്ച, തീപിടുത്തം, സുനാമി, ആലിപ്പഴ വർഷം, ശൈത്യതരംഗം, ഹിമപാതം, ഹിമാഘാതം, കീടാണുബാധ, മേഘ വിസ്ഫോടനം എന്നിവയെക്കുറിച്ച് വിശകലനം ചെയ്യുവാനും സാധ്യമായവയെക്കുറിച്ച് മുന്നറിയിപ്പ് നൽകുവാനും ദുരന്ത പ്രതികരണ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുവാനുമാണ് പ്രസ്തുത സംവിധാനം പ്രയോജനപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നത്.

(ഡി) പ്രകൃതി ദുരന്തങ്ങളെക്കുറിച്ച് മുന്നറിയിപ്പ് നൽകുന്നതിനും ദുരന്ത പ്രതികരണ നടപടികൾ ഏകോപിപ്പിക്കുന്നതിനുമായി സാങ്കേതികവും ഇന്റഗ്രേറ്റഡ് ഡിസിഷൻ സപ്പോർട്ട് സംവിധാനത്തോടുകൂടിയതുമായ വിവര സാങ്കേതിക വിനിമയ സംവിധാനം സംസ്ഥാനത്ത് ഒരുക്കുന്നതിനുള്ള പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇവയുടെ ഏകോപനത്തിനും പ്രവർത്തനങ്ങൾക്കുമായി സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിക്ക് ഹെഡ് ക്വാർട്ടേഴ്സ് പണികഴിപ്പിക്കുന്നതിന് ഉത്തരവായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly